പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4540 — 21/03/2018-ൽ മറുപടിക്ക്

## രക്തം പാഴാകാതെ സൂക്ഷിക്കുവാൻ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | ബ്ലഡ് ബാങ്കുകളും ആശുപത്രികളും തമ്മിലുള്ള ഏകോപനമില്ലായ്മയും സ്ഥല പരിമിതിയും കാരണം രക്തം ബ്ലഡ് ബാങ്കുകളിൽ പാഴാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>ബി)<br>&<br>സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള 37 ബ്ലഡ് ബാങ്കുകളിലും കുറ്റമറ്റതും ശാസ്ത്രീയവുമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രക്തദാന ക്യാമ്പുകളിലൂടെയും മറ്റും ലഭിക്കുന്ന രക്തം പാഴാക്കാതെ സൂക്ഷിക്കുവാൻ ആവശ്യമായ ബ്ലഡ് ബാങ്ക് റഫ്രിജറേറ്ററുകൾ എല്ലാ രക്തബാങ്കുകളിലും സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ RCC യിൽ അധികം വരുന്ന Red packed cells തിരുവനന്തപുരം മെഡിക്കൽ കോളേജിലേയും SAT യിലേയും ശ്രീചിത്രയിലേയും ആവശ്യത്തിനും RCC യുടെ കീഴിൽ വരുന്ന രക്തസംഭരണ യൂണിറ്റുകൾക്കും നൽകി വരുന്നുണ്ട്. |
| ബി) | രക്തദാന ക്യാമ്പുകളിലൂടെയും മറ്റും ലഭിക്കുന്ന രക്തം പാഴാകാതെ സൂക്ഷിക്കുവാൻ എല്ലാ ബ്ലഡ് ബാങ്കുകളിലും സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; | | |
| സി) | ആർ.സി.സി.യി -ലെ ആവശ്യത്തിനു പ്ലേറ്റ് ലറ്റുകൾ മാറ്റിയശേഷം ബാക്കി വരുന്ന രക്തം ഉപയോഗപ്പെടുത്തുവാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംവിധാനങ്ങൾ കൊണ്ടുവരുമോ? | | |

സെക്ഷൻ ഓഫീസർ